"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കണ്ണൂർ നഗരസഭയിലെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. എ. ആന്റണിക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി- തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.682/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/03/2020

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.02.2015തീയതിയിലെ ഇ13(വി.ഇ. 06/2013/കെഎൻആർ) 19478/2013 നമ്പർ റിപ്പോർട്ട്

2 09.03.2016തീയതിയിലെ ഇയു2-378/2015-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 ശ്രീ. എ. ആന്റണി സമർപ്പിച്ച 24.05.2016 തീയതിയിലെ പ്രതിവാദപത്രിക

4 നഗരകാര്യ ഡയറക്ടറുടെ 20.02.2017തീയതിയിലെ വി2-9310/2016 നമ്പർ റിപ്പോർട്ട്.

5 16.10.2018 തീയതിയിലെ സ.ഉ(സാധാ.)നം.2650/2018/തസ്വഭവ

6 നഗരകാര്യജോയിന്റ് ഡയറക്ടറുടെ 10.07.2019 തീയതിയിലെ വി2-9310/16 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കണ്ണൂർ നഗരസഭയിൽ സെൻട്രൽ മാർക്കറ്റിനു സമീപം പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി പഴയ കെട്ടിടം പൊളിച്ച് നീക്കി സാധനങ്ങൾ കൊണ്ട് പോകുന്നതിന് വില നിശ്ചയിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിനായി ഓഫർ സമർപ്പിച്ച ശ്രീ.കെ.പി.മുസ്സമ്മിൽ എന്നയാളിൽ തുക പൂർണ്ണമായും ഈടാക്കാനാകാതെ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ച വിഷയത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ ഈ വിഷയത്തിൽ ടി നഗരസഭയിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. എ. ആന്റണിയുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ശ്രീ. എ. ആന്റണിക്കെതിരേ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ/ പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണമെമ്മോക്ക് ശ്രീ.എ. ആന്റണി സമർപ്പിച്ച പ്രതിവാദപത്രികയിൽ

ശ്രീ.കെ.പി.മുസ്സമ്മിൽ 100 രൂപയുടെ മുദ്രപ്പത്രം ഹാജരാക്കിയത് ഫയലിൽ "എഗ്രിമെന്റ് ഹാജരാക്കിയിട്ടുണ്ട്" എന്ന് തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൻ മന:പൂർവ്വം എഴുതിയതല്ല എന്നും ആയത് മാപ്പാക്കി തുടർനടപടി അവസാനിപ്പിക്കണമെന്നും ടിയാന്റെ ഭാഗം നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്നും അപേക്ഷിച്ചിരുന്നു.

3. ശ്രീ. എ. ആന്റണിയുടെ അപേക്ഷ പരിഗണിച്ച് 19.05.2017ന് അണ്ടർ സെക്രട്ടറി ടിയാളെ നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട സമയത്തെ ടിയാളുകളുടെ വാദങ്ങളുടേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ശ്രീ.എ. ആന്റണിയ്ക്കെതിരെ കഠിനശിക്ഷയുള്ള കുറ്റാരോപണമെമ്മോയാണ് നൽകിയിരുന്നത് എന്നതിനാൽ ചട്ടപ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയും സൂചന 5 ഉത്തരവ് പ്രകാരം നഗരകാര്യവകുപ്പ് ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയുണ്ടായി.

4. നഗരകാര്യവകുപ്പ് ജോയിൻറ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം കണ്ണൂർ നഗരസഭയിലെ പഴയ സെൻട്രൽ മാർക്കറ്റ് കെട്ടിടം പൊളിക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും ആയത് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ ഓഫർ ക്ഷണിക്കുകയും ആയത് പ്രകാരം ലഭ്യമായ ശ്രീ കെ . പി മുസമ്മിൽ പാറപ്പുറത്ത്, കുട്ടുക്കൻ ഹൗസ്,പൂതപ്പാറ, കണ്ണൂർ എന്നവരുടെ 6,05,000/- രൂപയുടെ ഏക ഓഫർ കൗൺസിലിന്റെ 23.06.2010- ലെ 36- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കയും വാറ്റ് ഉൾപ്പെടെ 6,80,625/- രൂപ ഒടുക്കുന്നതിന് 24.06.2010- ന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.ശ്രീ കെ.പി.മുസമ്മിൽ 2 ലക്ഷം രൂപ വീതം 2 ഗഡുക്കളായി 08.07.2010, 12.07.2010 തീയതികളിലും മൂന്നാംഗഡുവായി 2,05,000/- രൂപ 30.08.2010-ാം തീയതിയിലും ഒടുക്കുന്നതിന് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകുകയും ആയത് സെക്ഷൻ ക്ലാർക്ക് 08.07.2010- ന് നോട്ടെഴുതി അന്നത്തെ മുനിസിപ്പൽ എഞ്ചിനീയർ ( എക്സിക്യൂട്ടീവ് എഞ്ചിനീയർ ) ശ്രീ കെ.ടി പ്രദീപ് കുമാർ പ്രസ്തുത നോട്ടിൽ ഒപ്പുവയ്ക്കുകയും 08.07.2010- ന് സെക്രട്ടറിക്ക് അയയ്ക്കുകയും സെക്രട്ടറി ബഹു . ചെയർമാന് അയയ്ക്കുന്നതിന് നോട്ട് എഴുതുകയും ചെയ്തു . 08.07.2010- ന് തന്നെ മുനിസിപ്പൽ സെക്രട്ടറി ആദ്യ ഗഡുവായി 2 ലക്ഷം രൂപ അടയ്ക്കുന്നതിനും 100 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ വാർഡ് കൗൺസിലർ ശ്രീ അഷറഫ് സാക്ഷിയായി ഒപ്പിട്ട് എഗ്രിമെന്റ് എക്സിക്യൂട്ടീവ് ചെയ്യുവാനും നിർദ്ദേശിച്ചിരുന്നു. അതു പ്രകാരം 08.07.2010- ന് 2 ലക്ഷം രൂപ ടിയാൻ അടയ്ക്കുകയും ഇക്കാര്യം സൂചിപ്പിച്ച് 08.07.2010- ന് സെക്ഷൻ ക്ലാർക്കായ ശ്രീ ആന്റണി നോട്ടെഴുതി സമർപ്പിക്കുയും എഗ്രിമെന്റ് സമർപ്പിക്കുന്നതിന് സെക്രട്ടറി ഉത്തരവ് നൽകുകയും ചെയ്തിരുന്നു. എന്നാൽ 29.07.2010- ന് സെക്ഷൻ ക്ലാർക്കായ ശ്രീ ആന്റണി, "കെട്ടിടം പൊളിച്ചു നീക്കുന്നതിനായി കരാറെടുത്തിട്ടുള്ള കരാറുകാരൻ 12.07.2010- ന് 2 ലക്ഷം രൂപ തുക ഒടുക്കുന്നതിനായി എഗ്രിമെന്റ് സമർപ്പിച്ചിട്ടുള്ളതാണ് എന്നും എന്നാൽ നാളിതുവരെയായി തുക ഒടുക്കിയിട്ടില്ലാത്തതിനാൽ കക്ഷിക്ക് നോട്ടീസ് നൽകാവുന്നതാണ് എന്നും കത്ത് ഒപ്പുവയ്ക്കാവുന്നതാണ് എന്നും" നോട്ടെഴുതി സമർപ്പിച്ചിട്ടുള്ളതായി ടി ഫയലിന്റെ നോട്ട് ഫയലിൽ കണ്ടെത്തിയിരുന്നു.എന്നാൽ ഫയൽ പരിശോധിച്ചതിൽ എഗ്രിമെന്റ് സമർപ്പിച്ചിട്ടില്ലായെന്നും 100 രൂപ മുഖവിലയുള്ള ഒരു മുദ്രപത്രം കരാറുകാരൻ ഹാജരാക്കിയത് ഫയലിൽ ചേർക്കുക മാത്രമാണ് ഉണ്ടായിട്ടുള്ളതെന്നും കണ്ടെത്തിയിട്ടുണ്ട്. മേൽ പ്രകാരം കുറിപ്പെഴുതി സെക്ഷൻ ക്ലാർക്ക് സമർപ്പിച്ച ഫയൽ തുടർന്ന് ഹെഡ് ക്ലാർക്ക് , മുനിസിപ്പൽ എഞ്ചിനീയർ നഗരസഭാ സെക്രട്ടറി എന്നിവർ പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളതായും കണ്ടെത്തിയിരുന്നു . കരാറുകാരനായ ശ്രീ കെ . പി മുസമ്മിൽ 02.11.2010- ന് 1 ലക്ഷം രൂപ കൂടി അടച്ചതായും കെട്ടിടം ഭാഗികമായി പൊളിച്ചു നീക്കം ചെയ്തതായി 02.02.2011- ന് പബ്ലിക് വർക്സ് ഓവർസിയർ റിപ്പോർട്ട് ചെയ്യുകയും. 23.02.2011- ന് ശ്രീ മുസമ്മിൽ 1,00,000/- രൂപ കൂടി

അടവാക്കിയിട്ടുള്ളതായും കണ്ടെത്തിയിരുന്നു .

5. ടി കെട്ടിടത്തിലെ കൈവശക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും കരാറുകാരന് പലതവണ നോട്ടീസ് നൽകിയിട്ടും ബാക്കി തുക ഒടുക്കാത്ത സാഹചര്യത്തിലും കെട്ടിടം മുഴുവൻ പൊളിച്ചു നീക്കി പുതിയ കെട്ടിടം പണിയുവാൻ ടെണ്ടർ എടുത്ത കരാറുകാരന് അടിയന്തരമായി സൈറ്റ് കൈമാറേണ്ടതുള്ളതിനാലും ശ്രീ മുസമ്മിലിന്റെ സാന്നിദ്ധ്യത്തിൽ ജോയിന്റ് മഹസ്സർ തയ്യാറാക്കുകയും ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർ ലേലം നടത്തുവാനും റീ ടെണ്ടറിൽ പുതിയ ടെണ്ടർ ലഭ്യമല്ലാത്തപക്ഷം ഡിപ്പാർട്ട്മെന്റലായി പൊളിച്ചു നീക്കുന്നതിന് 19.10.2011- ലെ നാലാം നമ്പർ കൗൺസിൽ തീരുമാനിക്കുകയും ആയത് പ്രകാരം 23.11.2011- ന് ടെണ്ടർ / ലേലം ചെയ്തിട്ടുണ്ടെങ്കിലും ആരും തന്നെ ഏറ്റെടുക്കാത്തതിനാൽ ഡിപ്പാർട്ട്മെന്റലായി പൊളിക്കുവാൻ തീരുമനിക്കുകയും ആയത് പ്രകാരം 1,09,998/- രൂപ ചെലവഴിച്ച് ഡിപ്പാർട്ട്മെന്റലായി പൊളിച്ച ശേഷം സാധനങ്ങൾക്ക് നിലവിൽ ലഭിക്കാവുന്ന തുക 56,640/- രൂപ കണക്കാക്കി കൗൺസിൽ അംഗീകരിക്കുകയും ആയത് ലേലം ചെയ്ത് ഏറ്റവും കൂടിയ തുകയായ 40,250/- രൂപയ്ക്ക് കൈയൊഴിയുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം നഗരസഭയ്ക്ക് ചെലവായ 1,09,998/- രൂപയിൽ നിന്നും 40,250/- രൂപ കഴിച്ച ബാക്കി 69,748/- രൂപയും ഓഫർ തുകയായ 6,80,625/- രൂപയിൽ നിന്നും നഗരസഭയിൽ അടവാക്കിയ 4,00,000/- രൂപ കഴിച്ച് 280625/- രൂപയും ആയതിന്റെ 01.07.2010 മുതൽ 31.03.2014 വരെയുള്ള പിഴപലിശ 128620/- രൂപ ഉൾപ്പെടെ 4,78,993/- രൂപ ശ്രീ മുസമ്മിൽ ഒടുക്കാത്ത സാഹചര്യത്തിൽ ടി തുകയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ 19.06.2014 ന് RR/2014/3483/13 നമ്പരായി ജില്ലാ കളക്ടർക്ക് റിക്വിസിഷൻ സമർപ്പിച്ചിട്ടുള്ളതുമാണ്.

6. ഈ വിഷയത്തിൽ ബാദ്ധ്യതയുള്ള 4,78,993/- രൂപ ശ്രീ.മുസമ്മിൽ നിന്നും റിക്കവറി നടത്തുവാൻ ടിയാന്റെ സാമ്പത്തിക നില പരിതാപകരമായതിനാൽ യാതൊരു നിവൃത്തിയുമില്ലെന്ന് അഴീക്കോട് വില്ലേജ് ഓഫീസർ തഹസിൽദാർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും റവന്യൂ റിക്കവറി സംബന്ധിച്ച അന്തിമ തീർപ്പ് അറിയിപ്പ് ജില്ലാ കളക്ടറിൽ നിന്നും ലഭിച്ചിട്ടില്ലായെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ബാദ്ധ്യത വന്ന തുകയിൽ 2,36,997/- രൂപ നഗരകാര്യ ഡയറക്ടറുടെ 09.04.2018- ലെ ഇ 2/13054/13 ഉത്തരവ് പ്രകാരം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ പി . ജി ഗോപിയുടെ ഡി.സി.ആർ.ജി യിൽ നിന്നും റിക്കവറി ചെയ്ത് കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുവാൻ വടകര നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്യുന്നു. .

7. മേൽ വിഷയത്തിൽ സെക്ഷൻ ക്ലാർക്ക് ശ്രീ എ ആന്റണിയെ നേരിൽ കേൾക്കുകയുണ്ടായതായും. എഗ്രിമെന്റ് എക്സിക്യൂട്ടീവ് ചെയ്തെന്ന് ഫയലിൽ തെറ്റായി രേഖപ്പെടുത്തിയത് സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം നൽകുവാൻ ഹിയറിംഗ് വേളയിൽ ടിയാന് സാധിച്ചിട്ടില്ലായെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് സാക്ഷി വിസ്താരം നടത്തേണ്ടതില്ലായെന്നും ടിയാൻ മൊഴി നൽകിയിട്ടുള്ളതായും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്യുന്നു.

8. കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ.ആന്റണിയുടെ മറുപടിയും ബന്ധപ്പെട്ട നഗരസഭാ ഫയലുകളും പരിശോധിക്കുകയും ടിയാനെ നേരിൽ കേൾക്കുകയും ചെയ്തതിൽ നിന്നും ശ്രീ കെ.പി മുസമ്മിൽ എന്ന കരാറുകാരനിൽ നിന്നും തുക പൂർണ്ണമായും ഈടാക്കാനാവാതെ നഗരസഭയ്ക്ക് നഷ്ടം വരുത്തിയതിന്റെ ഉത്തരവാദിത്തത്തിൽ നിന്നും ടിയാന് ഒഴിഞ്ഞുമാറാനാവില്ലെന്നു കാണുന്നതായും ടി ജീവനക്കാരനെതിരെ ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യജോയിന്റ്ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

9. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിൽ സമർപ്പിച്ച മറുപടി, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, നഗരകാര്യ ഡയറക്ടറുടെ ശുപാർശ എന്നിവ സഹിതം വിശദമായി പരിശോധിച്ചു. ആയതിൻപ്രകാരം പരാമർശ ആരോപണത്തിൽ കണ്ണൂർ നഗരസഭയിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ.എ.ആന്റണി കുറ്റക്കാരനാണെന്ന് കാണുന്നതിനാലും, ടിയാൻ സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാക്കുകയും രേഖകളിൽ തിരിമറി നടത്തിയതായും തെളിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ടിയാനെതിരേ ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ രണ്ടു വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലപ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ എ ആന്റണി, സെക്ഷൻ ക്ലാർക്ക്,കണ്ണൂർ നഗരസഭ

(നഗരകാര്യഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(25.10.2019 തീയതിയിലെ VIG-ഡി1/709/2019-VIGനമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ